15 -ാം കേരള നിയമസഭ

3 -ാം സമ്മേളനം

നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1108 **06-10-2021 - ൽ മറുപടിയ്ക്ക്**

വെള്ളാവൂർ ട്രാവൻകൂർ ഫോക് വില്ലേജ്

ചോദ്യം		ഉത്തരം	
ഡോ. എൻ. ജയരാജ്		Shri Saji Cherian (മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി)	
(എ)	കാഞ്ഞിരപ്പള്ളി മണ്ഡലത്തിലെ വെള്ളാവൂർ പ്രദേശത്ത് പണി പൂർത്തിയായി കിടക്കുന്ന ട്രാവൻകൂർ ഫോക് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കാനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;	(എ)	2021 നവംബർ 1-ാം തീയതി മുതലാണ് ട്രാവൻകൂർ ഫോക് വില്ലേജിന്റെ പ്രവർത്തനം ആരംഭിക്കാൻ ലക്ഷ്യമിടുന്നത്.
(ബി)	പ്രസ്തുത സ്ഥാപനത്തിൽ നാടൻ കലകളുമായി ബന്ധപ്പെട്ട് എന്തൊക്കെ കർമപരിപാടികൾക്കാണ് ലക്ഷ്യമിട്ടിരുന്നതെന്നും ഏതെങ്കിലും പ്രവർത്തനങ്ങൾ ഇതിനോടകം ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോയെന്നും അറിയിക്കുമോ;	(ബി)	ആദ്യഘട്ടത്തിൽ നാടൻ കലകളായ മുടിയേറ്റ്, പടയണി, കുത്തിയോട്ടം, നാടൻപാട്ട് തുടങ്ങിയ കലാരൂപങ്ങളിൽ പരിശീലനം നൽകുവാൻ ലക്ഷ്യമിടുന്നു. ഇതിന്റെ പ്രവർത്തനം 2021 നവംബർ മധ്യത്തോടെ ആരംഭിക്കുവാനുള്ള നടപടി ഫോക് ലോർ അക്കാദമി സ്വീകരിച്ചുവരുന്നു. ഭാവിയിൽ ദ്വൈമാസ കലാവതരണങ്ങളും സെമിനാറുകളും സംഘടിപ്പിക്കാൻ അക്കാദമി ഉദ്ദേശിക്കുന്നുണ്ട്.
(സി)	ഈ സ്ഥാപനത്തിന്റെ ഭരണ ചുമതല ആർക്കാണെന്നും ജീവനക്കാരുടെ നിയമനത്തിന് നടപടികളായിട്ടുണ്ടോയെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?	(സി)	സ്ഥാപനത്തിന്റെ ഭരണ ചുമതല സാംസ്കാരിക വകുപ്പിന് കീഴിലുള്ള ഫോക് ലോർ അക്കാദമിക്കാണ്. ജീവനക്കാരെ അനുവദിക്കുന്നതിനുള്ള ഫോക് ലോർ അക്കാദമിയുടെ പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.

സെക്ഷൻ ഓഫീസർ